കേരളം സമർപ്പിച്ച ശുപരേഖ (TOR) അംഗീകരിക്കുന്നതിന്, സംസ്ഥാനം ലഭ്യമാക്കിയ അപേക്ഷ 4-6-2015-ൽ ചേർന്ന യോഗത്തിൽ പരിഗണനയ്ക്കായി എടുത്തിരുന്നു. എന്നാൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതില്ലെന്ന് Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കേരളത്തിന്റെ നിർദ്ദേശം കാലതാമസം കൂടാതെ അംഗീകരിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും ; അതീവ ജാഗ്രതയോടെയും നിയമവിദഗ്ധരുമായി കൂടിയാലോചിച്ചും താമസംവിനാ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(സി) പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാതപഠനം (EIA) തുടങ്ങുവാനുള്ള നിയമാനുസരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് അതീവ ജാഗ്രതയോടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാനാണ് ഉദ്ദേശിക്കുന്നത്.

അച്ചൻകോവിലാറ്റിലെ തടയണ, സംരക്ഷണഭിത്തി നിർമ്മാണം

141 (2350) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറ്റിൽ തടയണ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) അനുവദിക്കപ്പെട്ട തുക അച്ചൻ കോവിലാറിന്റെ തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും വകമാറ്റുന്നതിനും വകുപ്പുതല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(സി) അച്ചൻകോവിലാറ്റിൽ കോടത്തോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക വകമാറ്റി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 416/WRD dated 25-4-2014 പ്രകാരം മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവിനുസമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിന് 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ചെക്ക് ഡാം നിർമ്മിച്ചാൽ ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് പള്ളിയോടം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാകുമെന്ന തദ്ദേശവാസികളുടെയും ഭക്തരുടെയും ആവശ്യാനുസരണം 21-7-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. ആർ. രാജേഷിന്റെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷിയോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചെക്ക് ഡാം നിർമ്മിക്കേണ്ട പ്രവൃത്തി ഉപേക്ഷിക്കുവാനും പകരം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റിയുടെ ഇൻടേക്കിൽ എക്കലും മണ്ണും മറ്റും പ്രവേശിക്കാതിരിക്കാൻ കോടത്തോടിന്റെ പതനമുഖം ബെഡ് ബാർ ഉപയോഗിച്ച് തടയുന്നതിനും അച്ചൻകോവിലാറിന്റെ പ്രസ്തുത ഭാഗം സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിനുമായി 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും ലഭിച്ചിട്ടുണ്ട്. ആയതിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കടപ്പുറം ദ്വീപിൽ കടൽക്ഷോഭം

142 (2351) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽക്ഷോഭംമൂലം കടൽഭിത്തി ഒലിച്ച പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രദേശവാസികളുടെ ഭീതിയകറ്റുന്നതിന് തകർന്ന കടൽഭിത്തി അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽ ക്ഷോഭംമൂലം കടൽഭിത്തി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ തകർന്ന കടൽഭിത്തിയുടെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ

143 (2352) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ, പാലത്തിന്റെ നിർമ്മാണം കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly